

# സമ്പൂർണ്ണകൃതികൾ: ഭാഗം IX

കെ. ദാമോദരൻ



## 5. രണ്ടു കൊല്ലങ്ങൾ

# സമ്പൂർണ്ണകൃതികൾ: ഭാഗം IX

**കെ. ദാമോദരൻ**

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം

5 രണ്ടു കൊല്ലങ്ങൾ . . . . . . . . . . . . . . . . . . . . . . . . 1

## 5

# രണ്ടു കൊല്ലങ്ങൾ

കേരളത്തിൽ കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭ അധികാരമേറ്റെടുത്തിട്ട് രണ്ടു കൊല്ലങ്ങൾ തികയുന്നു. വിഷമങ്ങൾ നിറഞ്ഞവയും പക്ഷേ, അതേ സമയത്ത്തന്നെ ആവേശകരങ്ങളുമായ രണ്ടു കൊല്ലങ്ങൾ!

ചരിത്രത്തിൽ മുമ്പൊരിക്കലും വിഭാവനം ചെയ്യപ്പെട്ടിട്ടില്ലാത്ത ഒരു സ്ഥിതിവിശേഷമാണിത്. കൊളോണിയർ-ഫ്യൂഡൽ സാമ്പത്തികവ്യവസ്ഥയുടെ ശക്തിയേറിയ അവശിഷ്ടങ്ങൾ നിലനില്ക്കുന്ന വിശാലമായ ഒരു രാജ്യത്തിന്റെ ഏറ്റവും ചെറിയൊരു സ്റ്റേറ്റിൽ, ഉൽപ്പാദനവ്യവസ്ഥയിൽ സമൂലമായ മാറ്റങ്ങളൊന്നുമില്ലാതെ തന്നെ, സുശക്തവും കേന്ദ്രീകൃതവുമായ ഒരു ബൂർഷ്വാഭരണകൂടത്തിന്റെ ചട്ടക്കൂട്ടിനുള്ളിൽ, ബൂർഷ്വാസിയുടെ നേതൃത്വത്തിൽ തയ്യാറാക്കപ്പെട്ട ഒരു ഭരണഘടനയ്ക്കു വിധേയമായി, കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള ഒരു ഗവൺമെൻറ് ഭരണം നടത്തുക! താത്വികവും പ്രായോഗികവുമായ ഒട്ടനവധി പുതിയ പ്രശ്നങ്ങളെ ഉയർത്തിപ്പിടിച്ചുകൊണ്ടാണ്, വൈരുദ്ധ്യങ്ങൾ നിറഞ്ഞ ഈ സ്ഥിതിവിശേഷം ആവിർഭവിച്ചത്.

കോൺഗ്രസ്സ് ഭരണഭാരമേറ്റെടുത്തിട്ട് പത്തു വർഷങ്ങൾ കഴിഞ്ഞിരുന്നു. പക്ഷേ, എന്നിട്ടും, സാമ്രാജ്യമേധാവിത്വത്തിൻറേയും ഫ്യൂഡലിസത്തിൻറേയും അവശിഷ്ടങ്ങൾ പൂർണ്ണമായി തുടച്ചുനീക്കപ്പെടുകയുണ്ടായില്ല. രാജ്യത്തിലെ ഉല്പാദനവ്യവസ്ഥയുടെ മർമ്മപ്രധാനങ്ങളായ പല ഭാഗങ്ങളും വിദേശീയരുടെ പിടിയിൽത്തന്നെ നിലനിന്നുപോന്നു. വിദേശീയമുതലാളികളും, അവരുമായി പല തരത്തിലുള്ള കൂട്ടുകെട്ടുകളിലേർപ്പെട്ട ഇന്ത്യക്കാരായ വൻകിട മുതലാളിവിഭാഗങ്ങളും, പിന്തിരിപ്പന്മാരായ നാടുവാഴിവിഭാഗങ്ങളും ഇന്ത്യയുടെ പുരോഗതിയുടെ മുമ്പിൽ വിലങ്ങടിച്ചുനിന്നു.

ഈ പരിതഃസ്ഥിതിയിൽ, ഒരു കമ്യൂണിസ്റ്റ് മന്ത്രിസഭയുണ്ടെങ്കിൽപ്പോലും, ഏതൊരു ലക്ഷ്യത്തിനുവേണ്ടിയാണോ കമ്യൂണിസ്റ്റ് പാർട്ടിപോരാടിക്കൊണ്ടിരിക്കുന്നത്. സോഷ്യലിസമെന്ന ആ ലക്ഷ്യം പെട്ടെന്നു പ്രായോഗികമാക്കുക സാദ്ധ്യമല്ല. ഒന്നാമത്, ഇന്ത്യയിലൊട്ടുക്കും സോഷ്യലിസം കെട്ടിപ്പടുക്കാനുള്ള പരിപാടിയുടെ ഭാഗമെന്ന നിലയ്ക്കല്ലാതെ, കേരളത്തിൽ മാത്രമായി സോഷ്യലിസം കെട്ടിപ്പടുക്കുക സാദ്ധ്യമല്ല. രണ്ടാമത്, ഫ്യൂഡൽ-കൊളോണിയൽ സാമ്പത്തികവ്യവസ്ഥയുടെ അവശിഷ്ടങ്ങൾ തുടച്ചുനീക്കിക്കൊണ്ട്, ജനാധിപത്യവിപ്ലവത്തിൻറേതായ കടമകൾ പൂർത്തിയാക്കുന്നതിലൂടെ മാത്രമേ സോഷ്യലിസത്തിന്റെ സാമൂഹ്യ-സാമ്പത്തിക-സാഹചര്യങ്ങൾ സൃഷ്ടിക്കാൻ കഴിയൂ.

അതുകൊണ്ട്, വിദേശമൂലധനത്തിൻറേയും നാടുവാഴിമേധാവിത്വത്തിൻറേയും ചൂഷണമവസാനിപ്പിച്ച് ഒരു സ്വതന്ത്രമായ സാമ്പത്തികവ്യവസ്ഥ കെട്ടിപ്പടുക്കുക, അടിസ്ഥാന വൻകിടവ്യവസായങ്ങളുൾപ്പെടെയുള്ള പുതിയ വ്യവസായങ്ങൾ സ്ഥാപിക്കുകയും നിലവിലുള്ള വ്യവസായങ്ങളെ അഭിവൃദ്ധിപ്പെടുത്തുകയും കൃഷി പരിഷ്കരിക്കുകയും ചെയ്തുകൊണ്ട് ഉല്പാദനം പതിന്മടങ്ങു വർദ്ധിപ്പിക്കുകയും അങ്ങിനെ ജനങ്ങളുടെ ജീവിതത്തോതുയർത്തുകയും ചെയ്യുക, നികുതിനയവും ശമ്പളവ്യവസ്ഥയും വിദേശവാണിജ്യവും മറ്റും ജനങ്ങളുടെ താല്പര്യങ്ങൾക്കനുകൂലമാക്കി മാറ്റുക, ആധുനിക വൈയവസായികയുഗത്തിനു യോജിച്ച മട്ടിൽ വിദ്യാഭ്യാസവും സംസ്കാരവും വളർത്തുക, ഭരണപരമായ കാര്യങ്ങളിൽ നിലനില്ക്കുന്ന ഉദ്യോഗസ്ഥദുഷ്പ്രഭുത്വവും സാമ്രാജ്യമേധാവിത്വത്തിന്റെ മറ്റവശിഷ്ടങ്ങളും അവസാനിപ്പിച്ചുകൊണ്ട് ജനങ്ങളുടെ അവകാശാധികാരങ്ങളെ വിപുലമാക്കാൻ പറ്റിയ വിധത്തിൽ ഭരണവ്യവസ്ഥയെ പരിഷ്കരിക്കുകയും വികേന്ദ്രീകരിക്കുകയും ചെയ്യുക, ഇന്ത്യയുടെ ഐക്യം കൂടുതലുറപ്പിക്കാൻ പറ്റിയ വിധത്തിൽ ഭരണകാര്യങ്ങളിലും വിദ്യാഭ്യാസ രംഗത്തിലുമെല്ലാം ദേശീയഭാഷകളുപയോഗിക്കുക, തൊഴിലാളികൾ, കൃഷിക്കാർ, ഇടത്തരക്കാർ തുടങ്ങിയ ജനവിഭാഗങ്ങളുടെ ജനാധിപത്യാവകാശങ്ങളേയും സിവിൽ സ്വാതന്ത്ര്യങ്ങളേയും കൂടുതൽ വിപുലമാക്കുക, പിന്തിരിപ്പൻ സ്ഥാപിതതാല്പര്യങ്ങൾക്കെതിരായി ദേശീയപുനർനിർമ്മാണപ്രവർത്തനങ്ങളിൽ ജനങ്ങളെയാകെ അണിനിരത്തുകയും അവരുടെ മുൻകൈ വളർത്തുകയും ചെയ്യുക-എന്നിങ്ങിനെയുള്ള അടിയന്തിര ദേശീയപരിപാടികൾ നടപ്പിൽ വരുത്തുക എന്നതാണ്, ഇന്നത്തെ ഘട്ടത്തിൽ, ഇന്ത്യയുടെ കർത്തവ്യം. ഇന്ത്യയിലെ ഇതരസ്റ്റേറ്റുകളിലെ ജനങ്ങളുടെ എന്ന പോലെ കേരളത്തിലെ ജനങ്ങളുടേയും കർത്തവ്യമാണിത്.

ഈ അടിയന്തിരകടമയെ തികച്ചും കണക്കിലെടുത്തുകൊണ്ട് കേരളത്തെ അഭിവൃദ്ധിപ്പെടുത്താനുള്ള വിപുലമായ ഒരു പദ്ധതി കഴിഞ്ഞ പൊതുതെരഞ്ഞെടുപ്പുകാലത്തുതന്നെ കമ്യൂണിസ്റ്റ് പാർട്ടി ജനങ്ങളുടെ മുമ്പാകെ വെയ്ക്കുകയുണ്ടായി. കമ്യൂണിസ്റ്റ് പാർട്ടി അധികാരമേറ്റെടുത്ത ദിവസം തന്നെ, 1957 എപ്രിൽ 5-ാം തീയതി, മുഖ്യമന്ത്രി ഇ. എം. എസ്സ്. നമ്പൂതിരിപ്പാട് ചെയ്ത പ്രസംഗത്തിലും, പ്രസ്തുത പരിപാടി നടപ്പിലാക്കുകയാണ് തന്റെ ഗവൺമെൻറിന്റെ ഉദ്ദേശമെന്നു വ്യക്തമാക്കുകയുണ്ടായി. കേരളത്തിന്റെ പ്രത്യേകസാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് പഞ്ചവത്സരപദ്ധതിയുടെ വികസന പരിപാടികളെ കൂടുതൽ ഉർജ്ജിതമായി നടപ്പിൽ വരുത്തുക, പൊതു മേഖലയിലും സ്വകാര്യമേഖലയിലും വ്യവസായവൽക്കരണത്തെ ത്വരിതപ്പെടുത്തുക, മര്യാദപ്പാട്ടം നിജപ്പെടുത്താനും കുടിയാന്ന് ഭൂമിയിൽ സ്ഥിരാവകാശമനുവദിക്കാനും ഭൂപരിധി നിർണ്ണയിച്ച് മിച്ചഭൂമിയെടുത്ത് വിതരണം ചെയ്യാനും പറ്റിയ ഒന്നോ ഒന്നിലധികമോ ബില്ലുകൾ തയ്യാറാക്കി നിശ്ചിതമായ ഒരു ചുരുങ്ങിയ കാലയളവിനുള്ളിൽത്തന്നെ അവതരിപ്പിക്കുക, ഈ കാലഘട്ടത്തിൽത്തന്നെ കൃഷിക്കാർക്ക് താൽക്കാലികാശ്വാസം കിട്ടത്തക്കവിധം ഒഴിപ്പിക്കൽനടപടികളെല്ലാം നിർത്തിവെച്ചുകൊണ്ടുള്ള ഒരടിയന്തിരനിയമം നടപ്പിൽ വരുത്തുക, ചെറുകിടവ്യവസായങ്ങളേയും കുടിൽവ്യവസായങ്ങളേയും പരസ്പരസഹായാടിസ്ഥാനത്തിൽ സംഘടിപ്പിക്കുക, നാട്ടിൽ സമാധാനവും ജനാധിപത്യാവകാശങ്ങളും നിലനിർത്താനും, തൊഴിലാളികർഷകബഹുജനങ്ങളുടെ താല്പര്യങ്ങളെ കാത്തുരക്ഷിയ്ക്കാനും പറ്റിയതരത്തിൽ പോലീസ്സനയത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുക, ഉല്പാദനം വർദ്ധിപ്പിയ്ക്കാനും പുതിയ ധനാഗമമാർഗ്ഗങ്ങൾ കണ്ടുപിടിയ്ക്കാനും ശ്രമിക്കുന്നതോടൊപ്പംതന്നെ കൂലിയും ശമ്പളവും മറ്റും വർദ്ധിപ്പിച്ച് ചെറുകിടക്കാരുടെ ജീവിതത്തോതുയർത്തുക, സ്റ്റേറ്റ് നിയമസഭയുടേയും സെക്രട്ടറിയേറ്റിന്റെയും നടപടികളടക്കമുള്ള ഭരണകാര്യങ്ങളും സർവ്വകലാശാലയടക്കമുള്ള വിദ്യാഭ്യാസവും മലയാളത്തിലാക്കുക, പഞ്ചായത്തുകൾ, ജില്ലാകൌൺസിലുകൾ മുതലായ പ്രാദേശികസ്വയംഭരണസ്ഥാപനങ്ങൾക്ക് കൂടുതൽ പണവും കൂടുതൽ അധികാരങ്ങളും നൽകി ജനാധിപത്യത്തെ വിപുലമാക്കുകയും വികസനപരിപാടികളിലും മറ്റും ജനങ്ങളുടെ മുൻകൈ വളർത്തുകയും ചെയ്യുക-എന്നിങ്ങിനെയുള്ള അടിയന്തരപരിപാടികൾ നടപ്പിൽ വരുത്താനുള്ള ദൃഢനിശ്ചയത്തോടുകൂടിയാണ് കമ്യൂണിസ്റ്റ് പാർട്ടി അധികാരമേറ്റെടുത്തത്.

കേരളത്തെ ഐശ്വര്യപൂർണ്ണമാക്കാൻ വേണ്ടിയുള്ള മഹത്തായ പരിശ്രമത്തിന്റെ പ്രാരംഭമെന്ന നിലക്ക് കമ്യൂണിസ്റ്റ് പാർട്ടി നാട്ടുകാരുടെ മുമ്പാകെ സമർപ്പിച്ച ഈപരിപാടികൾ, യഥാർത്ഥത്തിൽ കമ്യൂണിസ്റ്റ്കാർക്കു മാത്രം താല്പര്യമുള്ള പരിപാടികളായിരുന്നില്ല. കേരളത്തിലെ ദേശാഭിമാനികളായ മുഴുവൻ ജനങ്ങൾക്കും ആവശ്യമായ പരിപാടികളായിരുന്നു. കമ്യൂണിസ്റ്റ്കാർക്കെന്ന പോലെത്തന്നെ കോൺഗ്രസ്സുകാർക്കും, തൊഴിലാളികൾക്കെന്നപോലെത്തന്നെ മുതലാളികൾക്കും യോജിച്ചു നടപ്പിൽ വരുത്താൻ പറ്റിയ പരിപാടികളായിരുന്നു; ചുരുക്കിപ്പറഞ്ഞാൽ ദേശീയപരിപാടികളായിരുന്നു.

എങ്കിലും, ഈ പരിപാടികൾ നടപ്പിൽ വരുത്തുക എളുപ്പമായിരുന്നില്ല. കമ്യൂണിസ്റ്റ് പാർട്ടിയ്ക്കും കമ്യൂണിസ്റ്റ് ഗവൺമെൻറിന്നും നേരിടേണ്ടിവന്ന പ്രതിബന്ധങ്ങൾ ചെറുതായിരുന്നില്ല.

ഒന്നാമത്, ജനപ്പെരുപ്പം, തൊഴിലില്ലായ്മ, ഭക്ഷ്യധാന്യങ്ങളുടെ കമ്മി, വ്യവസായവൽക്കരണത്തിലും കൃഷിപരിഷ്ക്കരണത്തിലുമുള്ള പിന്നോക്കനില, ഉല്പാദനവ്യവസ്ഥയിൽ വിദേശീയമൂലധനത്തിന്റെ പിടി, സങ്കുചിതങ്ങളായ സ്ഥാപിതതാല്പര്യങ്ങൾ മുതലായവ കാരണം ഒരു പ്രശ്നസംസ്ഥാനം എന്നു കുപ്രസിദ്ധി നേടിയ ഒരു സ്റ്റേറ്റിലാണ് കമ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽ വന്നത്.

രണ്ടാമത്, കേന്ദ്രഗവൺമെൻറിന്റെ പെരുമാറ്റം പക്ഷപാതപരവും അവഗണനാപരവുമായിരുന്നു. പിന്നോക്കപ്രദേശങ്ങളെ അതിവേഗം മുന്നേറാൻ സഹായിച്ചുകൊണ്ട്, ഇന്ത്യയിലെ വിവിധ പ്രദേശങ്ങളുടെ വളർച്ചയിലുള്ള അസമത്വങ്ങളവസാനിപ്പിയ്ക്കാൻ കേന്ദ്രഗവൺമെൻറ് ഇതേവരെ തയ്യാറായിട്ടില്ല. കേരളത്തെ സംബന്ധിച്ചേടത്തോളമുള്ള ഒരു ഉദാഹരണം മാത്രം പറയുകയാണെങ്കിൽ, ഒന്നാംപഞ്ചവത്സരപദ്ധതിയിലാകട്ടെ രണ്ടാം പഞ്ചവത്സരപദ്ധതിയിലാകട്ടെ പൊതുവിഭാഗത്തിലുള്ള ഒരൊറ്റ വ്യവസായംപോലും നമ്മുടെ സ്റ്റേറ്റിൽ സ്ഥാപിയ്ക്കപ്പെടുകയുണ്ടായില്ല. ഭക്ഷണകാര്യത്തിൽപ്പോലും കേന്ദ്രഗവൺമെൻറ് കേരളത്തോട് പക്ഷപാതപരമായിട്ടാണ് പെരുമാറിയിട്ടുള്ളത്. മാത്രമല്ല, സർവ്വശക്തവും കേന്ദ്രീകൃതവുമായ ഭരണകൂടത്തിന്റെ പ്രവർത്തനങ്ങൾ സ്റ്റേറ്റുകളുടെ സ്വയംഭരണത്തെ പ്രോത്സാഹിപ്പിയ്ക്കുന്ന തരത്തിലുള്ളവയല്ല. ഇതു കാരണം ഭരണകാര്യങ്ങളിലും നിയമ നിർമ്മാണങ്ങളിലും പലതരത്തിലുള്ള തടസ്സങ്ങളുണ്ടാകുന്നു.

മൂന്നാമത്, കേരളത്തിന്റെ ധനാഗമമാർഗ്ഗങ്ങളും മൂലധനരൂപീകരണത്തിന്നുള്ള സാധ്യതകളും വളരെ വളരെ പരിമിതമാണ്. കൊല്ലംതോറും കേരളത്തിലെ ജനങ്ങൾ ഉൽപ്പാദിപ്പിച്ചുണ്ടാക്കുന്ന സ്വത്തുക്കളുടെ ഗണ്യമായഭാഗം, സ്വകാര്യവ്യക്തികളുടേയും സ്ഥാപനങ്ങളുടേയും ലാഭമെന്ന നിലയ്ക്ക് വിദേശങ്ങളിലേയ്ക്ക് കടത്തപ്പെട്ടുകൊണ്ടിരിയ്ക്കുന്നു.

നാലാമത്, പ്രതിപക്ഷപ്പാർട്ടികളുടെ പല നേതാക്കന്മാരുടേയും അന്ധമായ കമ്യൂണിസ്റ്റ് വിരോധവും, എതിർപ്പിന്നുവേണ്ടിയുള്ള എതിർപ്പും, യോജിച്ച ദേശീയ നിർമ്മാണപ്രവർത്തനങ്ങൾക്ക് പല തടസ്സങ്ങളുമുണ്ടാകുന്നു.

ഇത്തരത്തിലുള്ള പ്രതിബന്ധങ്ങളെല്ലാമുണ്ടായിട്ടും കഴിഞ്ഞ രണ്ടു കൊല്ലത്തിനിടയ്ക്കുതന്നെ കമ്യൂണിസ്റ്റ് പാർട്ടിയ്ക്കും, കമ്യൂണിസ്റ്റ് ഗവൺമെൻറിന്നും അഭിമാനിയ്ക്കാവുന്ന പല നേട്ടങ്ങളുമുണ്ടായിക്കഴിഞ്ഞിട്ടുണ്ടെന്നുള്ളത് നിസ്തർക്കമാണ്. രണ്ടു കൊല്ലത്തിനുമുമ്പ് പാർട്ടിയും ഗവൺമെൻറും രാജ്യത്തിന്റെ മുമ്പാകെവെച്ച പരിപാടികളിൽ പ്രധാനമായ ചിലതു നടപ്പിൽവരുത്തുകയും, മറ്റുചിലതു നടപ്പിൽ വരുത്താനാവശ്യമായ നടപടികളെടുക്കുകയും ചെയ്തുകഴിഞ്ഞിട്ടുണ്ട്. കൃഷിക്കാർക്കു ഭൂമിയൊഴിപ്പിക്കലിൽനിന്നും, കാർഷികത്തൊഴിലാളികൾക്ക് കുടിയൊഴിപ്പിയ്ക്കലിൽനിന്നും രക്ഷമര്യാദപ്പാട്ടം നിജപ്പെടുത്താനും ഭൂപരിധി നിർണ്ണയിയ്ക്കാനുമുള്ള സമഗ്രമായ ഒരു ഭൂവുടമബന്ധബിൽ, തൊഴിലാളികളുടെ ട്രേഡ് യൂണിയൻ താല്പര്യങ്ങളെ കാത്തുസൂക്ഷിയ്ക്കാനുള്ള ഒരു വ്യവസായബന്ധബിൽ, പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരം നൽകിക്കൊണ്ടുള്ള പഞ്ചായത്തുബില്ലും, ജില്ലാകൗൺസിൽ ബില്ലും, അദ്ധ്യാപകരുടെ താല്പര്യങ്ങളെ സംരക്ഷിയ്ക്കാനുള്ള വിദ്യാഭ്യാസനിയമം, കൃഷി വർദ്ധിപ്പിയ്ക്കാനാവശ്യമായ ചെറുകിട ജലസേചനപദ്ധതികൾ, പോലീസ് കോഡ് പരിഷ്കരണക്കമ്മിറ്റി, ഭരണകാര്യങ്ങളിൽ മലയാള ഭാഷയുപയോഗിയ്ക്കാനാവശ്യമായ നടപടികളുടെ പ്രാരംഭങ്ങൾ ഇടത്തട്ടുകാരുടെ ചൂഷണമവസാനിപ്പിയ്ക്കാൻ സഹായിയ്ക്കുന്ന പരസ്പരസഹായ സഹകരണസംഘങ്ങൾ—ദൂരവ്യാപകമായ ഫലങ്ങളുളവാക്കാൻ പര്യാപ്തമാക്കി ഇത്രയധികം കാര്യങ്ങൾ ഇത്രയും ചുരുങ്ങിയസമയംകൊണ്ടു തയ്യാറാക്കാൻ മറ്റൊരു സ്റ്റേറ്റിന്നുംസാധിച്ചിട്ടില്ലെന്നുള്ളതും പരമാർത്ഥം മാത്രമാണ്. കഴിഞ്ഞ രണ്ടു കൊല്ലത്തിനിടയ്ക്ക് കേരളനിയമസഭ ആകെ 96 ബില്ലുകൾ പാസ്സാക്കിയതിൽ 74 ബില്ലുകളും നിയമങ്ങളായിത്തീർന്നിരിക്കുന്നു. ഈ നിയമങ്ങളിൽ ചിലത് സാങ്കേതികങ്ങളായിരിയ്ക്കാം. പക്ഷേ, മിക്കവയും ജനങ്ങളുടെ ജീവിതത്തെ അഭിവൃദ്ധിപ്പെടുത്താൻ സഹായിയ്ക്കുന്നവയാണ് എന്നു കാണാൻ കഴിയും.

എല്ലാം ചെയ്തു കഴിഞ്ഞുവെന്നോ, എല്ലാ ജനവിഭാഗങ്ങൾക്കും പരിപൂർണ്ണ സംതൃപ്തിയുണ്ടായിക്കഴിഞ്ഞുവെന്നോ, ഇനിയൊന്നും ചെയ്യേണ്ടതായിട്ടില്ലെന്നോ ചെയ്ത കാര്യങ്ങളിൽത്തന്നെ യാതൊരു ദൌർബ്ബല്യവുമില്ലെന്നോ. ഞങ്ങളവകാശപ്പെടുന്നില്ല. വാസ്തവത്തിൽ, ഇതെല്ലാം ഒരു തുടക്കം മാത്രമാണ്. രാജ്യത്തിന്റെയും ജനങ്ങളുടേയും താല്പര്യങ്ങളെ കാത്തുരക്ഷിയ്ക്കാൻ ഇനിയുമെത്രയോ ചെയ്യേണ്ടതായിട്ടുണ്ട്. ജനങ്ങളുടെ പിൻബലം കൂടുതൽ നേടാൻ കഴിയത്തക്കവിധത്തിൽ ന്യൂനതകളും ദൗർബല്യങ്ങളും പരിഹരിച്ചുകൊണ്ട് ഗവൺമെൻറിന്റെ പ്രവർത്തനങ്ങളെ കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്.

ഈ കടമകൾ വിജയകരമായി നിർവ്വഹിക്കാനും അങ്ങനെ കേരളത്തെ അഭിവൃദ്ധിപ്പെടുത്തുവാനുമുള്ള പരിശ്രമത്തിൽ നാട്ടുകാരുടെ ആകെ യോജിപ്പും സഹകരണവും ആവശ്യമാണ്. നാട്ടുകാരുടെ സഹകരണവും പിൻബലവും കൂടുതൽ കൂടുതൽ നേടാൻ അങ്ങേയറ്റം പരിശ്രമിക്കണമെന്ന്, കമ്മ്യൂണിസ്റ്റ് പാർട്ടി മെമ്പർമാരേയും കമ്മ്യൂണിസ്റ്റ് അനുഭാവികളേയും ഉൽബോധിപ്പിക്കുന്നതിനോടൊപ്പം തന്നെ, അന്ധമായ കമ്മ്യൂണിസ്റ്റ് വിരോധവും എതിർപ്പിനുവേണ്ടിയുള്ള എതിർപ്പും അവസാനിപ്പിച്ച്, ജനക്ഷേമകരങ്ങളായ പരിപാടികളിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുമായും കമ്മ്യൂണിസ്റ്റ് ഗവൺമെൻറുമായും സഹകരിച്ച് പ്രവർത്തിക്കാൻ കേരളത്തിലെ പ്രതിപക്ഷ പാർട്ടികളോടും പ്രതിപക്ഷ പാർട്ടികളുടെ അനുയായികളോടും ഞങ്ങൾ വിനീതമായി അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

നവയുഗം 4. 4. 1959

## കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. ‘പാട്ടബാക്കി’ എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണു് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണു്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണു് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 9

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. കേരളത്തിൽ മുതലാളിത്തത്തിന്റെ ഉത്ഭവം
2. കേരളത്തിന്റെ സാമ്പത്തികഭദ്രത
3. പണമിറക്കാൻ ഗവർമ്മെണ്ട്, ലാഭം തട്ടാൻ മുതലാളി!
4. വിദ്യാഭ്യാസത്തിന്റെ നേരെ
5. രണ്ടു കൊല്ലങ്ങൾ
6. ഇടപെടൽ
7. പതിനൊന്നാംവകുപ്പും സംവരണവും
8. പുതിയ മന്ത്രിസഭ
9. കമ്യൂണിസ്റ്റ് വിരുദ്ധശക്തികളുടെ കൂട്ടുകെട്ട് വിജയിക്കുകയില്ല
10. കർഷകസമരം
11. സാമുദായിക ലഹളകളുടെ പാഠം
12. ഗോവ വിമോചനം—അഭിനന്ദനങ്ങൾ!
13. ഇന്ത്യയും സോഷ്യലിസവും
14. പുതിയ ലോകത്തിൽ പുതിയ ഇന്ത്യ
15. കോൺഗ്രസ്സിന്റെ സോഷ്യലിസം
16. സോഷ്യലിസത്തിലേക്കുള്ള വ്യത്യസ്തമാർഗ്ഗങ്ങൾ
17. സോഷ്യലിസത്തിലേക്കുള്ള ഇന്ത്യയുടെ മാർഗ്ഗം
18. കേരളത്തിലെ കമ്മ്യൂണിസ്റ്റ് വിജയം
19. സാമ്പത്തിക സ്വാതന്ത്ര്യത്തിലൂടെ സോഷ്യലിസത്തിലേക്ക്
20. യൂട്ടോപ്യ
21. ഫാസിസം
22. ഫ്രഞ്ചു വിപ്ലവം
23. സോവിയറ്റ് ചൈന
24. മദ്ധ്യധരണ്യാഴിയിലെ വടംവലി
25. ജയിലിന്റെ മനശ്ശാസ്ത്രം


### വെബ് പതിപ്പു കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9